ആർ.എം.എസ്.എ. പദ്ധതി

46 (1064) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ.എം.എസ്.എ. പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ അനുവദിച്ച കുളിയാട് ഹൈസ്കൂളിൽ അദ്ധ്യാപകരുടെ തസ്തിക അനുവദിക്കാത്തതിനാൽ ഇവിടെയുണ്ടായിരുന്ന യു.പി. സ്കൂളിലെ 7-ാം തരം പാസ്സായ കുട്ടികൾ റ്റി.സി. വാങ്ങി മറ്റ് സ്കൂളിലേക്ക് മാറിപ്പോകുന്നകാര്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടും നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ബി) ഇവിടെ എപ്പോൾ അദ്ധ്യാപകരെ നിയമിക്കും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) എം.എച്ച്.ആർ.ഡി.-യുടെ അംഗീകാരം ലഭിക്കാത്ത സ്കൂളാണ് കാസർഗോഡ് ജില്ലയിലെ ജി.യു.പി.എസ്. കുളിയാട്. ഈ സ്കൂൾ ഉൾപ്പെടുന്ന 30 സ്കൂളുകളിന്മേൽ തസ്തിക സൃഷ്ടിക്കുന്നതിന് അംഗീകാരമായിട്ടുണ്ട്.

ആർ.എം.എസ്.എ. പദ്ധതി

47 (1065) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ.എം.എസ്.എ. പദ്ധതിപ്രകാരം സംസ്ഥാനത്ത് എത്ര വിദ്യാലയങ്ങൾ യു.പി. സ്കൂളുകളായും ഹൈസ്കൂളുകളായും ഉയർത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പുതുതായി അപ്ഗ്രേഡ് ചെയ്യുന്നതിന് വിദ്യാലയങ്ങളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെന്ന് വിശദമാക്കാമോ ;

(സി) ആർ.എം.എസ്.എ. പദ്ധതി പ്രകാരം പ്രസ്തുത വിദ്യാലയങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളും സഹായങ്ങളുമാണ് അനുവദിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 111 യു.പി. സ്കൂളുകൾ ഹൈസ്കൂളുകളായി അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്.

(ബി) തയ്യാറാക്കിയിട്ടുണ്ട്. ആർ.എം.എസ്.എ. പദ്ധതിയിൽ ഉൾപ്പെടുത്തി അപ്ഗ്രേഡ് ചെയ്യുന്നതിന് 30 സ്കൂളുകളുടെ പ്രൊപ്പോസൽ എം.എച്ച്.ആർ.ഡി.-ക്ക് സമർപ്പിച്ചുവെങ്കിലും നാളിതുവരെ അംഗീകാരം ലഭിച്ചിട്ടില്ല. ഇപ്പോൾ ഈ വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly